**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3183** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന തുറമുഖങ്ങളുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനായി കിഫ്ബി, നബാർഡ് -ആർ.ഐ.ഡി.എഫ്, പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY), നബാർഡ് -എഫ് .ഐ .ഡി .എഫ് , റീബിൾഡ് കേരള ഇനിഷ്യേറ്റീവ് , സംസ്ഥാന പദ്ധതികൾ എന്നിവ മുഖേന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| (ബി) | ഇതിൽ ഏതെല്ലാം പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്; | (ബി) | കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം.- 70.53 കോടി രൂപ<br>2. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം - 18.73 കോടി രൂപ<br>3. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം - 16.06 കോടി രൂപ<br>4. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം -20.90 കോടി രൂപ<br>5. ആലപ്പുഴ ജില്ലയിലെ കായംകുളം ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി.- 5.53 കോടി രൂപ<br>6. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.53 കോടി രൂപ<br>7. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - |

| | | | |
|---|---|---|---|
| | | | 6.37കോടി രൂപ<br>8. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.94 കോടി രൂപ<br>9. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.64 കോടി രൂപ-<br>10. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.88 കോടി രൂപ<br>11. ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം - 200 കോടി രൂപ<br>12. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണം - 50 കോടി രൂപ<br>13. മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി-5.22 കോടി രൂപ<br>14. കോഴിക്കോട് ജില്ലയിലെ ചോമ്പാൽ ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.25 കോടി രൂപ<br>15. കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.20 കോടി രൂപ<br>16. കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണ പ്രവൃത്തി - 40.40 കോടി രൂപ<br>17. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണ പ്രവൃത്തി - 15.00 കോടി രൂപ<br>18. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം - 85 കോടി രൂപ<br>19. കാസർഗോഡ് ജില്ലയിലെ അജാനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം - 200 കോടി രൂപ<br>20. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞംഫിഷിംഗ് ഹാർബർ -ഒന്നാം ഘട്ടം - 48.00 കോടി രൂപ |
| (സി) | കേന്ദ്രസർക്കാർ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അംഗീകാരം ലഭിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ? | (സി) | ഫിഷിംഗ് ഹാർബറുകളുടെ വിപുലീകരണത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയിൽ ഉൾപ്പെടുത്തി 10 പ്രവൃത്തികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു<br><br>1. കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം. (70.53 കോടി രൂപ)- വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br>2. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം - 18.73 കോടി രൂപ -വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br>3. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം - 16.06 കോടി രൂപ-വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br>4. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം -20.90 കോടി രൂപ- വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു<br>5. ആലപ്പുഴ ജില്ലയിലെ കായംകുളം ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി.- 5.53 കോടി രൂപ – ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.<br>6. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.53 കോടി രൂപ-ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.<br>7. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 6.37കോടി രൂപ-കരാറിലേർപ്പെടാനുള്ള നടപടികൾ പുരോഗമിക്കുന്നു<br>8. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.94 കോടി രൂപ-സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നു<br>9. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.64 കോടി രൂപ-പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്<br>10. കോഴിക്കോട് ജില്ലയിലെ കൊയി ലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി - 5.88 കോടി രൂപ- കരാറിലേർപ്പെട്ടിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ